**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1038** **27-07-2021 - ൽ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടുക്കി ജില്ലയിൽ 12 -ഉം വയനാട് ജില്ലയിൽ 10-ഉം കണ്ണൂർ ജില്ലയിൽ 2-ഉം കാസർഗോഡ്, എറണാകുളം ജില്ലകളിൽ ഒന്ന് വീതവും കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന ആത്മഹത്യകൾ കർഷക ആത്മഹത്യയായി സ്ഥിരീകരിച്ചിട്ടില്ല. കർഷക ആത്മഹത്യയായി സ്ഥിരീകരിച്ച 9 പേരുടെ കുടുംബങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ കുടുംബങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായം സർക്കാർ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടുക്കി ജില്ലയിൽ 12 -ഉം വയനാട് ജില്ലയിൽ 10-ഉം കണ്ണൂർ ജില്ലയിൽ 2-ഉം കാസർഗോഡ്, എറണാകുളം ജില്ലകളിൽ ഒന്ന് വീതവും കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന ആത്മഹത്യകൾ കർഷക ആത്മഹത്യയായി സ്ഥിരീകരിച്ചിട്ടില്ല. കർഷക ആത്മഹത്യയായി സ്ഥിരീകരിച്ച 9 പേരുടെ കുടുംബങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ ഈ സർക്കാർ പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ കർഷകരെ സഹായിക്കുന്ന വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകൽ ത്വരിതപ്പെടുത്തൽ, വിലയിടിവിൽ സർക്കാർ ഇടപെടൽ, തെരഞ്ഞെടുത്ത വിളകൾക്ക് അടിസ്ഥാനവില നൽകൽ, പ്രകൃതിക്ഷോഭം മൂലം വിളനാശം ഉണ്ടാകുമ്പോൾ ധനസഹായം നൽകൽ തുടങ്ങിയ വിവിധ പദ്ധതികളിലൂടെ സർക്കാർ കർഷകരെ സഹായിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ